# ലോക മാധ്യമദിനസന്ദേശം 2019

## ഫ്രാൻസിസ് മാർപാപ്പ

**നാം ഒരേ ശരീരത്തിന്റെ അവയവങ്ങളാണ് (എഫേ 4:25)**
**സാമൂഹിക നെറ്റ്‌വർക്ക് സമൂഹങ്ങളിൽനിന്ന് മാനുഷിക സമൂഹത്തിലേക്ക്**

പ്രിയ സഹോദരീസഹോദരന്മാരേ,

ഇന്റർനെറ്റ് ആദ്യം ലഭ്യമായപ്പോൾ മുതൽ സഭ എപ്പോഴും വ്യക്തികൾ തമ്മിലുള്ള കണ്ടുമുട്ടലിന്റെയും എല്ലാവരിലുമുള്ള ഐക്യദാർഢ്യത്തിന്റെയും സേവനത്തിൽ അതിന്റെ ഉപയോഗം വളർത്താൻ പരിശ്രമിച്ചു. നമ്മുടെ പാരസ്പര്യത്തിന്റെ അടിസ്ഥാനത്തെയും പ്രാധാന്യത്തെയുംപറ്റി ഒരിക്കൽക്കൂടി ചിന്തിക്കാനും സമകാലീന സമ്പർക്കമാധ്യമ പശ്ചാത്തലം സമ്മാനിക്കുന്ന വെല്ലുവിളികളുടെ വിസ്തൃതവ്യൂഹത്തിൽ, അന്യവത്കൃതനായും ഏകാകിയായും കഴിയാൻ മനസ്സില്ലാത്ത മനുഷ്യവ്യക്തിയുടെ ആഗ്രഹം വീണ്ടും കണ്ടെത്താനും ഞാൻ നിങ്ങളെ ക്ഷണിക്കുന്നു.

**നെറ്റിന്റെയും സമൂഹത്തിന്റെയും രൂപകാലങ്കാരങ്ങൾ**

അനുദിനജീവിതമണ്ഡലത്തിൽനിന്ന് വേർതിരിച്ചറിയാനാവാത്ത വിധം വ്യാപനശക്തിയുള്ളതാണ് ഇന്നത്തെ മാധ്യമ പരിതസ്ഥിതി. നെറ്റ് നമ്മുടെ കാലഘട്ടത്തിലെ ഒരു വിഭവകേന്ദ്രമാണ്. പണ്ട് ചിന്തിക്കാൻ സാധ്യമല്ലാതിരുന്ന അറിവിന്റെയും ബന്ധങ്ങളുടെയും ഉറവിടമാണത്. എന്നിരുന്നാലും ഉത്പാദനപ്രക്രിയ, വിതരണം, ഉള്ളടക്കത്തിന്റെ ഉപയോഗം എന്നിവയിൽ സാങ്കേതികവിദ്യ കൊണ്ടുവന്നിട്ടുള്ള അഗാധമായ പരിവർത്തനങ്ങളുടെ വെളിച്ചത്തിൽ ആഗോളതലത്തിൽ യഥാർത്ഥ അറിവിനുള്ള അന്വേഷണം, അതിന്റെ പങ്കുവയ്ക്കൽ എന്നിവയെ ഭീഷണിപ്പെടുത്തുന്ന അപകടങ്ങളെയും അനേകം വിദഗ്ധർ ഉയർത്തിക്കാണിച്ചിട്ടുണ്ട്. ഇന്റർനെറ്റ് അറിവിനെ സമീപിക്കാനുള്ള അസാധാരണ സാധ്യതയെ പ്രതിനിധീകരിക്കുമെങ്കിലും അത് തെറ്റായ അറിവു നല്കുന്നതും യാഥാർത്ഥ്യങ്ങളെയും വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളെയും വികലമാക്കുന്നതുമാണെന്നതും സത്യമാണ്.

ഒരുകാര്യം നാം തിരിച്ചറിയണം. സാമൂഹിക നെറ്റ്‌വർക്കുകൾ ഒരുവശത്ത് പരസ്പരം നന്നായി ബന്ധപ്പെടാനും വീണ്ടും കണ്ടെത്താനും പരസ്പരം സഹായിക്കാനും നമ്മെ പ്രാപ്തരാക്കുന്നു. എന്നാൽ മറുവശത്ത് വ്യക്തിക്കും വ്യക്തിയുടെ അവകാശങ്ങൾക്കും അർഹമായ ബഹുമാനം നല്കാതെ രാഷ്ട്രീയമോ സാമ്പത്തികമോ ആയ നേട്ടങ്ങൾക്കുവേണ്ടി വ്യക്തിപരമായ വിവരങ്ങൾ ദുരുപയോഗിക്കാൻ നിമിത്തമാകുന്നു. യുവജനങ്ങളിൽ നാലിൽ ഒരാൾ സൈബർ ബുള്ളിയിംഗിന്റെ പരമ്പരകളിൽ ഉൾപ്പെട്ടിരിക്കുന്നുവെന്ന് സ്ഥിതിവിവരക്കണക്കുകൾ വ്യക്തമാക്കുന്നു.

ഈ സങ്കീർണാവസ്ഥയിൽ ഇന്റർനെറ്റു തുടങ്ങിയതിന്റെ അടിസ്ഥാനമായിരുന്ന നെറ്റ് എന്ന രൂപകാലങ്കാരത്തെപ്പറ്റി വീണ്ടും ചിന്തിക്കുന്നത് അതിന്റെ ഭാവാത്മകമായ കഴിവു കണ്ടെത്താൻ ഉപകാരപ്രദമായിരിക്കും. വല എന്ന ബിംബം തിരശ്ചീന രേഖകളുടെയും ലംബരേഖകളുടെയും ബഹുത്വത്തെക്കുറിച്ചു ചിന്തിക്കാൻ നമ്മെ ക്ഷണിക്കുന്നു. ഒരു കേന്ദ്രസ്ഥാനമോ ശ്രേണീപരമായ ഘടനയോ ലംബസമാനമായ ഒരു സംയോജനാരൂപമോ ഇല്ലാത്ത അതിന് സ്ഥിരത ഉറപ്പുവരുത്തുന്നവയാണ് ഈ രേഖകൾ. എന്നാൽ പലപ്പോഴും അവ പൊതുതാത്പര്യങ്ങളെയോ നേർത്ത ബന്ധങ്ങൾ മാത്രം പേറുന്ന വിഷയങ്ങളെയോ മുൻനിറുത്തി പരസ്പരം അംഗീകരിക്കുന്ന വ്യക്തികളുടെ ഗണങ്ങൾ മാത്രമായി കഴിയുന്നു.

നരവംശശാസ്ത്രപരമായ വീക്ഷണപ്രകാരം നെറ്റ്, (സമൂഹം എന്ന) രൂപകാലങ്കാരം അർത്ഥപൂർണമായ മറ്റൊരു പ്രതിബിംബത്തെ, ഓർമിപ്പിക്കുന്നു. സമൂഹം പരസ്പരവിശ്വാസമുള്ളതായിരിക്കുകയും പൊതുലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുകയും ചെയ്യണം. അത് സംയോഗശക്തിയുള്ളതും പിന്താങ്ങുന്നതുമായിരിക്കണം. ഐക്യദാർഢ്യത്തിന്റെ നെറ്റുവർക്ക് എന്ന നിലയിലുള്ള സമൂഹത്തിന് ഭാഷയുടെ ഉത്തരവാദിത്വപൂർണമായ ഉപയോഗത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള പരസ്പരശ്രവണവും സംവാദവും ഉണ്ടാകണം.

ഇന്നത്തെ സാഹചര്യത്തിൽ സോഷ്യൽ നെറ്റുവർക്ക് സമൂഹങ്ങൾ സ്വാഭാവിക സമൂഹത്തിന്റെ പര്യായമല്ലെന്ന് ആർക്കും കാണാവുന്നതാണ്. അടിയന്തിരഘട്ടങ്ങളിൽ ഈ വെർച്ചൽ സമൂഹങ്ങൾ കൂടിച്ചേരലും ഐക്യദാർഢ്യവും പ്രദർശിപ്പിക്കാൻ കഴിവുള്ളതാണ്. എന്നാൽ പലപ്പോഴും ദുർബലമായ ബന്ധങ്ങളുടെ പൊതുതാത്പര്യംമൂലം പരസ്പരം തിരിച്ചറിയുന്ന ഗ്രൂപ്പുകളായി കഴിയുന്നു. കൂടാതെ, സോഷ്യൽ വെബിൽ തനിമ പലപ്പോഴും അപരനോട്, ഗ്രൂപ്പിൽപെടാത്തവനോടുള്ള വൈരുധ്യത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാകുന്നു. നമ്മെ ഐക്യപ്പെടുത്തുന്നവയെ എന്നതിനെക്കാൾ നമ്മെ വിഭജിക്കുന്നവയെ അടിസ്ഥാനപ്പെടുത്തി നാം സ്വയം നിർവചിക്കുന്നു. സംശയത്തിനും എല്ലാതരം മുൻവിധിക്കും (വംശപരം, ലിംഗപരം, മതപരം മുതലായവ) ഇടയാക്കുന്നു. ഈ പ്രവണത വൈവിധ്യത്തെ ഒഴിവാക്കുന്ന ഗ്രൂപ്പുകളെ പ്രോത്സാഹിപ്പിക്കുന്നു. അത് ഡിജിറ്റൽ സാഹചര്യത്തിലും വിദ്വേഷത്തിന്റെ ഓളങ്ങളെ ഇളക്കിവിടുന്ന അനിയന്ത്രിതമായ വ്യക്തിവാദത്തെ പോഷിപ്പിക്കുന്നു. അങ്ങനെ ലോകത്തിലേക്കുള്ള ഒരു ജനലായിരിക്കേണ്ടത് വ്യക്തിപരമായ സ്വദേഹപ്രേമം പ്രദർശിപ്പിക്കുന്ന ഒരു ഷോകെയ്സായി ത്തീരുന്നു.

മറ്റുള്ളവരുമായിട്ടുള്ള കണ്ടുമുട്ടൽ വളർത്താനുള്ള അവസരമാണ് നെറ്റ്. എന്നാൽ അതിന് നമ്മുടെ ഏകാന്തതയെ വർദ്ധിപ്പിക്കാനാകും - നമ്മെ പിടികൂടിയ ഒരു വലപോലെ. യുക്തിപരമായ തലത്തിൽ പൂർണമായി തൃപ്തിപ്പെടുത്താൻ സോഷ്യൽ വെബിന്





കഴിയുമെന്ന മിഥ്യാബോധം യുവജനത്തിനാണ് ഏറ്റവും കൂടുതൽ ഉള്ളത്. യുവജനം "സാമൂഹിക താപസന്മാർ" ആയിത്തീരുന്ന അപകടകരമായ ഒരു പ്രതിഭാസം ഉണ്ട്. അവർ സമൂഹത്തിൽ നിന്നു പൂർണമായി ഒറ്റപ്പെടുകയെന്ന അപകടസാധ്യതയിലാണ്. നാടകീയമായ ഈ അവസ്ഥ സാമൂഹികബന്ധത്തിൽ തകർച്ചയുണ്ടാക്കുന്നു എന്നത് നമുക്ക് അവഗണിക്കാനാവില്ല.

നാനാരൂപമുള്ളതും അപകടകരവുമായ ഈ യാഥാർത്ഥ്യം അവ സാന്മാർഗികമോ സാമുഹികമോ നിയമപരമോ രാഷ്ട്രീയമോ സാമ്പത്തികമോ ആയ വിവിധ ചോദ്യങ്ങളെ ഉയർത്തുന്നു. അവ സഭയെ വെല്ലുവിളിക്കുകയും ചെയ്യുന്നുണ്ട്. വെബിനെ നിയന്ത്രിക്കാനും സ്വതന്ത്രവും തുറവിയുള്ളതും സുരക്ഷിതവുമായ ഒരു നെറ്റുവർക്കിനെക്കുറിച്ച് തുടക്കത്തിലേ ഉള്ള കാഴ്ചപ്പാട് സംരക്ഷിക്കാനും സർക്കാരുകൾ നിയമപരമായ മാർഗങ്ങൾ തേടുന്നു. അതേസമയം അതിന്റെ ഭാവാത്മകമായ ഉപയോഗത്തെ വളർത്താൻ നമുക്ക് എല്ലാവർക്കും ബാധ്യതയും ഉത്തരവാദിത്വവും ഉണ്ട്.

ബന്ധങ്ങൾ വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം പരസ്പരധാരണ വളർത്താൻ കഴിയില്ലല്ലോ. അങ്ങനെയെങ്കിൽ ഓൺലൈൻ നെറ്റുവർക്കിൽ പരസ്പര ഉത്തരവാദിത്വത്തെക്കുറിച്ചുള്ള ബോധത്തോടെ എങ്ങനെ യഥാർത്ഥ സാമൂഹിക തനിമ കണ്ടെത്താനാവും?

**"നാം ഒരേ ശരീരത്തിന്റെ അവയവങ്ങളാണ്"**

മൂന്നാമത്തെ ഒരു രൂപകാലങ്കാരത്തിൽനിന്ന്, ശരീരവും അവയവങ്ങളും എന്ന രൂപകാലങ്കാരത്തിൽനിന്ന് സാധ്യമായ ഒരു ഉത്തരം കണ്ടെത്താൻ കഴിയും. ആ രൂപകമാണ് മനുഷ്യരെ ബന്ധിപ്പിക്കുന്ന ശരീരത്തെ അടിസ്ഥാനപ്പെടുത്തി മനുഷ്യരുടെ പരസ്പരബന്ധം വിവരിക്കാൻ വിശുദ്ധ പൗലോസ് ശ്ലീഹാ ഉപയോഗിക്കുന്നത്: "അതിനാൽ വ്യാജം വെടിഞ്ഞ് എല്ലാവരും തങ്ങളുടെ അയൽക്കാരോട് സത്യം സംസാരിക്കണം. കാരണം, നാം ഒരേ ശരീരത്തിലെ അവയവങ്ങളാണ്" (എഫേ 4:25). പരസ്പരം അവയവങ്ങളായിരിക്കുകയെന്നത് ആഴമുള്ള ഒരു ലക്ഷ്യമാണ്. അത് ഉപയോഗിച്ച് അപ്പസ്തോ

ലൻ നമ്മെ വ്യാജം വെടിയാനും സത്യം പറയാനും ക്ഷണിക്കുന്നു. സത്യത്തെ സംരക്ഷിക്കാനുള്ള കടമ ഐക്യത്തിന്റെ പരസ്പരബന്ധത്തിൽനിന്നുണ്ടാകുന്നു. സത്യം ഐക്യം വെളിവാക്കുന്നു. നുണയാകട്ടെ, നമ്മൾ ഒരേ ശരീരത്തിന്റെ അംഗങ്ങളാണെന്നത് നിഷേധിക്കുന്നു.

ശരീരത്തിന്റെയും അവയവങ്ങളുടെയും അലങ്കാരം നമ്മുടെ തനിമയെപ്പറ്റി ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. ആ തനിമ ഐക്യത്തിലും "അപരത്വ"ത്തിലും അടിയുറച്ചതാണ്. ക്രിസ്തു ശിരസ്സായിട്ടുള്ള ഏക ശരീരത്തിലെ അവയവങ്ങളാണ് നമ്മൾ എന്ന് ക്രൈസ്തവരായ നമ്മൾ അംഗീകരിക്കുന്നു. ഭാവിയിൽ മത്സരിക്കാനുള്ളവരായി ആളുകളെ കാണാതിരിക്കാനും ശത്രുക്കളെപ്പോലും വ്യക്തികളായി കാണാനും ഇത് സഹായിക്കും. നമ്മെത്തന്നെ നിർവചിക്കാൻ നമുക്കു ശത്രുവിന്റെ ആവശ്യമില്ല. എന്തെന്നാൽ എല്ലാറ്റിനെയും ഉൾക്കൊള്ളുന്ന നോട്ടം നാം ക്രിസ്തുവിൽനിന്നു പഠിക്കുന്നുണ്ട്. അത് അപരത്വത്തെ പുതിയൊരു രീതിയിൽ കണ്ടെത്താൻ - അവശ്യഘടകമായും ബന്ധത്തിന്റെയും അടുപ്പത്തിന്റെയും വ്യവസ്ഥയായും കണ്ടെത്താൻ - നമ്മെ പ്രേരിപ്പിക്കുന്നു.

മനസ്സിലാക്കാനും ബന്ധപ്പെടാനും മനുഷ്യരിലുള്ള കഴിവ് ദൈവിക വ്യക്തികൾ തമ്മിലുള്ള സ്നേഹത്തിന്റെ ഐക്യത്തിൽ അടിയുറപ്പിച്ചതാണ്. ദൈവം ഏകാന്തതയല്ല, ഐക്യമാണ്. അവിടന്നു സ്നേഹമാണ്; അതുകൊണ്ട്, സമ്പർക്കമാണ്. എന്തെന്നാൽ സ്നേഹം എപ്പോഴും ആശയവിനിമയം നടത്തുന്നു. അന്യനെ കണ്ടെത്താൻ സ്വയം അങ്ങനെ ചെയ്യുന്നു. ചരിത്രത്തിലുടനീളം യഥാർത്ഥ സംവാദം സ്ഥാപിച്ചുകൊണ്ട് നമ്മോടു സംസാരിക്കുന്നതിനും നമ്മോടു ബന്ധപ്പെടുന്നതിനും ദൈവം നമ്മുടെ ഭാഷ സ്വീകരിക്കുന്നു. (cf. രണ്ടാം വത്തിക്കാൻ കൗൺസിൽ ഡേഗ്മാറ്റിക്ക് കോൺസ്റ്റിറ്റ്യൂഷൻ, ദേയി വെർബും 2).

നമ്മൾ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവിടന്ന് ഐക്യവും ആത്മസമ്പർക്കവുമാണ്. അതുകൊണ്ട് ഐക്യത്തിൽ ജീവിക്കാനുള്ള - ഒരു സമൂഹത്തിന്റേ





തായിരിക്കാനുള്ള ആഗ്രഹം നമ്മുടെ ഹൃദയത്തിൽ നാം കൊണ്ടുനടക്കുന്നു. "പരസ്പരബന്ധത്തിൽ പ്രവേശിക്കുക, പരസ്പരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുക - ഇതിനെക്കാൾ സവിശേഷമായ മറ്റൊന്നും നമ്മുടെ പ്രകൃതിയിലില്ല" വിശുദ്ധ ബേസിൽ പറയുന്നു.

ബന്ധങ്ങളിലായിരിക്കാനും മനുഷ്യത്വത്തിന്റെ വ്യക്ത്യന്തരബന്ധ സ്വഭാവം സൂക്ഷിക്കാനും ഇപ്പോഴത്തെ സാഹചര്യം നമ്മോട് ആവശ്യപ്പെടുന്നു - നെറ്റുവർക്കിലും നെറ്റുവർക്കിലൂടെയും അങ്ങനെ ചെയ്യണം. അതിലും കൂടുതലായി വിശ്വാസികൾ എന്ന നിലയിലുള്ള തനിമയുടെ അടയാളമായ ഐക്യം വെളിപ്പെടുത്താൻ, ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം വിളിക്കപ്പെട്ടിരിക്കുന്നു. വിശ്വാസംതന്നെ യഥാർത്ഥത്തിൽ ഒരു ബന്ധമാണ്, കണ്ടുമുട്ടലാണ്. ദൈവസ്നേഹത്തിന്റെ പ്രേരണകൊണ്ട് നമുക്കു സമ്പർക്കത്തിലാകാനും സ്വാഗതംചെയ്യാനും അപരന്റെ ദാനത്തെ തിരിച്ചറിഞ്ഞ് അതിനോടു പ്രത്യുത്തരിക്കാനും കഴിയും. ഞാൻ ഞാൻ തന്നെ ആയിരിക്കണമെങ്കിൽ എനിക്ക് മറ്റുള്ളവരെ ആവശ്യമുണ്ട് എന്നത് ത്രിത്വമായ ദൈവത്തിലുള്ള വിശ്വാസത്തിൽനിന്നുളവാകുന്ന കാര്യമാണ്. ഞാൻ മറ്റുള്ളവരോടു ബന്ധപ്പെട്ടാൽ മാത്രമേ ഞാൻ യഥാർത്ഥത്തിൽ മനുഷ്യത്വവും വ്യക്തിത്വവും ഉള്ളവനായിരിക്കുകയുള്ളൂ. യഥാർത്ഥത്തിൽ, "വ്യക്തി" എന്ന വാക്ക് ഒരു "മുഖം" എന്ന നിലയിൽ മനുഷ്യജീവിയെ സൂചിപ്പിക്കുന്നു. അവന്റെ മുഖം മറ്റുള്ളവരുടെ നേരേ തിരിഞ്ഞിരിക്കുകയാണ്. അവർ മറ്റുള്ളവരുമായി ബന്ധപ്പെട്ടിരിക്കുന്നവരുമാണ്. നമ്മുടെ ജീവിതം കൂടുതൽ മാനുഷികമായിത്തീരുന്നത് അതിന്റെ സ്വഭാവം കുറച്ചുമാത്രം ഒറ്റപ്പെട്ടതാകുകയും കൂടുതൽ വ്യക്തിത്വമുള്ളതാവുകയും ചെയ്യുമ്പോഴാണ്. മറ്റുള്ളവനെ എതിരാളിയായി കാണുന്ന ഒറ്റപ്പെട്ടവനായിരിക്കുന്നതിൽനിന്ന് മറ്റുള്ളവരെ സഹചാരികളായി അംഗീകരിക്കുന്ന വ്യക്തിയിൽ വിശ്വാസ്യമായ ഈ മാർഗം കാണാം.

**'ലൈക്ക്' (like) എന്നതിൽനിന്നും 'ആമ്മേൻ' എന്നതിലേക്ക്**

ശരീരത്തിന്റെയും അവയവങ്ങളുടെയും ബിംബം നമ്മെ ഒരു കാര്യം ഓർമിപ്പിക്കുന്നു: മറ്റൊരാളുടെ ശരീരം, ഹൃദയം, കണ്ണുകൾ, നോട്ടം, ശ്വസനം എന്നിവയിലൂടെ സജീവമായിത്തീരുന്ന ശരീരത്തിലുള്ള

കണ്ടുമുട്ടലിന് സാമൂഹിക വെബ് ഉപകാരപ്രദമാണ്. അത്തരം ഒരു കണ്ടുമുട്ടലിന്റെ ഒരു വ്യാപിപ്പിക്കലോ പ്രതീക്ഷിക്കലോ ആയി നെറ്റ് ഉപയോഗിച്ചാൽ നെറ്റുവർക്ക് എന്ന സങ്കല്പം ഒറ്റിക്കൊടുക്കപ്പെടുകയില്ല. അത് ഐക്യത്തിനുള്ള നിമിത്തമായി നിലകൊള്ളും. ഒരു കുടുംബം കൂടുതൽ ബന്ധപ്പെടാനും തുടർന്ന് മേശയ്ക്കരികേ കണ്ട് പരസ്പരം കണ്ണുകളിലേക്കു നോക്കാനും നെറ്റ് ഉപയോഗിക്കുമ്പോൾ അത് വിഭവമായിത്തീരുന്നു. ഒരു സഭാസമൂഹം നെറ്റുവർക്കിലൂടെ പ്രവർത്തനം സംഘടിപ്പിക്കുകയും ഒന്നിച്ച് ദിവ്യകാരുണ്യാഘോഷം നടത്തുകയും ചെയ്താൽ നെറ്റ് വിഭവമായിത്തീരും. ശാരീരികമായി നമ്മിൽനിന്ന് അകന്നിരിക്കുന്ന സൗന്ദര്യത്തിന്റെയോ സഹനത്തിന്റെയോ കഥകളോ അനുഭവങ്ങളോ പങ്കുവയ്ക്കാനുള്ള അവസരം നെറ്റ് തരുമ്പോൾ അത് വിഭവമാണ്. ഒന്നിച്ചുപ്രാർത്ഥിക്കാനും നന്മ അന്വേഷിക്കാനും ഐക്യപ്പെടുത്തുന്നവയെ കണ്ടെത്താനും നെറ്റ് സഹായിക്കുന്നു.

ഈ വിധത്തിൽ നമുക്ക് രോഗനിർണയത്തിൽ നിന്ന് ചികിത്സയിലേക്കു കടക്കാം. സംവാദത്തിനും കണ്ടുമുട്ടലിനും "പുഞ്ചിരികൾക്കും" വാത്സല്യപ്രകടനങ്ങൾക്കും ഉള്ള വഴി തുറക്കുന്നു. ഈ നെറ്റുവർക്കാണ് നമുക്കും വേണ്ടത് - കെണിയിൽപെടാനുള്ളതല്ല വിമോചിപ്പിക്കാനുള്ളത്, സ്വതന്ത്രജനതയുടെ ഐക്യം സംരക്ഷിക്കാനുള്ളത്. സഭതന്നെ ദിവ്യകാരുണ്യ ഐക്യം വഴി ഒന്നിച്ചു നെയ്യപ്പെട്ട ഒരു നെറ്റുവർക്കാണ്. അവിടെ ഐക്യത്തിന്റെ അടിസ്ഥാനം "ലൈക്ക്" അല്ല പിന്നെയോ സത്യത്തിൽ "ആമ്മേൻ" ആണ്. അതുവഴി ഓരോ വ്യക്തിയും ക്രിസ്തുവിന്റെ ശരീരത്തോട് ഒട്ടിച്ചേരുകയും മറ്റുള്ളവർക്ക് സ്വാഗതമരുളുകയും ചെയ്യുന്നു.

**ഫ്രാൻസിസ് മാർപാപ്പ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025.





## പത്തനംതിട്ട - മൂവാറ്റുപുഴ ഭദ്രാസനങ്ങളിലെ ഭദ്രാസനാദ്ധ്യക്ഷന്മാരുടെ നിയമനവും സ്ഥാനാരോഹണവും

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, വന്ദ്യ റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

നല്ല ഇടയനായ ദൈവം തന്റെ അജഗണങ്ങളെ നയിക്കുന്നതിനും, വിശുദ്ധീകരിക്കുന്നതിനും, പഠിപ്പിക്കുന്നതിനും, അവയെ പേരുചൊല്ലി വിളിക്കുന്നതിനുമായി (യോഹ 10:1; മർക്കോ 3:13-15; അ.പ്ര. 20:28) കാലാകാലങ്ങളിൽ ശ്രേഷ്ഠരായ ഇടയന്മാരെ സഭയ്ക്ക് നൽകി അതിനെ പരിപാലിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം അർത്ഥവത്തായ ഒരു കാര്യമാണിത്. ഇടയശുശ്രൂഷകൾക്ക് നൈയാമികമായ അതിർവരമ്പുകൾ സഭ നിശ്ചയിച്ചുറപ്പിച്ചിരിക്കുന്നു. പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലിത്ത, മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലിത്ത എന്നീ പിതാക്കന്മാർ 75-ാം വയസിലേക്ക് പ്രവേശിക്കുകയാണ്. കത്തോലിക്കാസഭയുടെ പൊതുനിയമപ്രകാരം 75 വയസ് പ്രഖ്യാപിത ശുശ്രൂഷകളിൽ നിന്നുള്ള വിരമിയ്ക്കലിന്റെ അവസരമായി നിശ്ചയിച്ചിരിക്കുന്നു. അതിൻപ്രകാരം നമ്മുടെ ഈ രണ്ട് അഭിവന്ദ്യ പിതാക്കന്മാരും അവരുടെ ഔദ്യോഗിക ശുശ്രൂഷാമണ്ഡലങ്ങളിൽനിന്നും വിരമിക്കുകയാണ് എന്ന് സഭാമക്കളേവരെയും ഞാനറിയിക്കുന്നു. ഈ അവസരത്തിൽ അഭിവന്ദ്യ പിതാക്കന്മാർക്ക് എല്ലാ ആശംസകളും, പ്രാർത്ഥനയും കൃതജ്ഞതയും സഭയുടെ പേരിൽ ഞാൻ നേരു

കയാണ്. വിരമിതരാകുന്ന മെത്രാപ്പോലിത്താമാരെ സഭാ നിയമപ്രകാരം ബിഷപ്പ് എമിരിത്തൂസ് എന്നാണറിയപ്പെടുക.

**പത്തനംതിട്ട ഭദ്രാസനം :** തിരുവനന്തപുരം മേജർ അതിഭദ്രാസനം വിഭജിച്ച് പത്തനംതിട്ട ഭദ്രാസനം 2010 ജനുവരി 25-ന് നിലവിൽ വന്നു. 2010 മാർച്ച് 20-ന് പത്തനംതിട്ട ഭദ്രാസനത്തിന്റെ പ്രഥമ ഇടയനായി അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലിത്താ സ്ഥാനാരോഹിതനായി. പത്തനംതിട്ട ഭദ്രാസനാധ്യക്ഷനായുള്ള ഒൻപതു വർഷവും, മേല്പട്ട സ്ഥാനത്തുള്ള 21 വർഷവും, പൗരോഹിത്യ ജീവിതത്തിലെ 46 സംവത്സരങ്ങളും പിന്നിടുന്ന അഭിവന്ദ്യ പിതാവിന്റെ സഭാശുശ്രൂഷകളെ നന്ദിയോടെ ഓർക്കാനുള്ള അസുലഭാവസരം കൂടിയാണിത്. ലാളിത്യമാർന്ന ജീവിതത്തിലൂടെയും ത്യാഗപൂർവമായ പ്രാർത്ഥനയിലൂടെയും കഠിനാദ്ധ്വാനത്തിലൂടെയും തന്നെ ഭരമേൽപ്പിച്ച മേൽപ്പട്ട ശുശ്രൂഷ അഭിവന്ദ്യ പിതാവ് സ്തുത്യർഹമായി നിർവഹിച്ചു. ശൈശവദശയിലായിരുന്ന മാർത്താണ്ഡം ഭദ്രാസനത്തെയും, പത്തനംതിട്ട ഭദ്രാസനത്തെയും ഇന്ന് കാണുന്ന ഔന്നത്യങ്ങളിലേക്ക് ഉയർ ത്താൻ ദൈവം നിയോഗിച്ച ഇടയശ്രേഷ്ഠൻ. അതിന്റെ സത്ഫലങ്ങളായി അനേകം ദൈവാലയങ്ങളും, മിഷൻ സെന്ററുകളും, വിദ്യാഭ്യാസ- ആതുരാലയ കേന്ദ്രങ്ങളും ഈ രണ്ട് ഭദ്രാസനങ്ങളിലുമായി തലയെടുപ്പോടെ നിലനിൽക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ശുശ്രൂഷാമേഖലകളെ ഈ പ്രദേശങ്ങളിൽ ധന്യമാക്കിയ അഭിവന്ദ്യ തിരുമേനിക്ക് സഭയുടെ പ്രാർത്ഥനാശംസകൾ ഞാൻ നേരുന്നു.

പത്തനംതിട്ട ഭദ്രാസനത്തിന്റെ പുതിയ ഇടയനായി ഇപ്പോൾ പിൻതുടർച്ചാവകാശമുള്ള മെത്രാനായി ശുശ്രൂഷ നിർവഹിക്കുന്ന അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി 2019 ജൂൺ 8-ാം തീയതി മെത്രാപ്പോലിത്തയായി സ്ഥാനാരോഹിതനാവുകയാണ്. 1978 ഡിസംബർ 22-ന് പൗരോഹിത്യശുശ്രൂഷയിൽ പ്രവേശിച്ച അഭിവന്ദ്യ പിതാവ് 2010-ൽ മെത്രാനായി ഉയർത്തപ്പെട്ടു. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ പ്രോട്ടോസിഞ്ചെലൂസായും, ഉന്നത വിദ്യാഭ്യാസമേഖലയിലെ പ്രശംസനീയമായ അദ്ധ്യാപക, പ്രധാനാദ്ധ്യാപക നേതൃത്വവും, പരിശുദ്ധാത്മ നൽവരങ്ങളെ മുൻനിർത്തിയുള്ള ആത്മീയ ശുശ്രൂഷകളിലെ നേതൃസ്ഥാനീയവും, തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ സഹായമെത്രാനായി 2010 മുതൽ 2018 വരെയുള്ള അജപാലനശുശ്രൂഷയും ഏറെ ശ്ലാഘനീയമായി നിർവഹിക്കപ്പെട്ടതിനുശേഷമാണ് ഈ ഉത്തരവാദിത്വത്തിലേക്ക് കടന്നുവരുന്നത്. കാലത്തിനനുസൃതമായി പത്തനംതിട്ട ഭദ്രാസനത്തെ നയിക്കുവാൻ ദൈവം എല്ലാ അനുഗ്രഹങ്ങളും അഭിവന്ദ്യ പിതാവിന് നൽകട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**മൂവാറ്റുപുഴ ഭദ്രാസനം:** തിരുവല്ലാ അതിഭദ്രാസനം വിഭജിച്ച് 2003 ജനുവരി 15-ാം തീയതി സ്ഥാപിതമായ മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ദ്വിതീയാദ്ധ്യക്ഷനായി 2008 ഫെബ്രുവരി 9-ാം തീയതി അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് തിരുമേനി സ്ഥാനാരോഹിതനായി. 11 വർഷക്കാലം ഭദ്രാസനത്തെ ആത്മീയമായും ഭൗതീകമായും വളർത്താൻ ദൈവാഭിമുഖ്യത്തോടെ അഭിവന്ദ്യ തിരുമേനി പ്രവർത്തിച്ചു. ഭാവിയെ മുൻനിർത്തിയുള്ള വികസനപ്രവർത്തനങ്ങൾക്ക് നേതൃത്വംകൊടുത്തു. ഭദ്രാസനദൈവാലയം, രൂപതാകാര്യാലയം, മോറിയ ധ്യാനകേന്ദ്രം ഇവയൊക്കെ അഭിവന്ദ്യ പിതാവിന്റെ ശുശ്രൂഷാകാലത്ത് രൂപതയ്ക്ക് ലഭിച്ച നന്മകളാകുന്നു. കോയമ്പത്തൂർ മേഖലയിൽ ഇക്കാലത്ത് നടത്തിയ മിഷൻപ്രവർത്തനങ്ങൾ പ്രശംസനീയംതന്നെ. ഇടയനടുത്ത ഔത്സുക്യത്തിൽ തന്നെ ഏൽപ്പിച്ച മേൽപ്പട്ടശുശ്രൂഷ അദ്ദേഹം ഭംഗിയായി നിർവഹിച്ചു. ഏവരേയും ഒന്നിപ്പിക്കുവാൻ പ്രത്യേകം താല്പര്യം കാണിച്ചു. പണ്ഡിതനും ദൈവശാസ്ത്രജ്ഞനുമായ അഭിവന്ദ്യ തിരുമേനിയുടെ ശുശ്രൂഷകളെ സഭയുടെപേരിൽ നന്ദിയോടെ ഓർക്കുന്നു; പ്രാർത്ഥിക്കുകയും ആശംസകൾ നേരുകയും ചെയ്യുന്നു.

അഭിവന്ദ്യ പിതാവിന്റെ തുടർച്ചയായി ഇപ്പോൾ മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ കോ-അഡ്ജുത്തോർ ബിഷപ്പും, നമ്മുടെ സഭാ ആസ്ഥാന കാര്യാലയമായ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയാ

യുടെ മെത്രാനും, യൂറോപ്പ്-ഓഷ്യാനിയായുടെ അപ്പസ്തോലിക വിസി റ്റേറ്ററു മായ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനി 2019 ജൂൺ 12-ാം തീയതി മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ത്രിദീയാധ്യക്ഷനായി സ്ഥാനമേറ്റെടുക്കുകയാണ്. 1985 മുതൽ നമ്മുടെ സഭയിൽ പൗരോഹിത്യ ശുശ്രൂഷയിൽ അഭിവന്ദ്യ പിതാവ് വ്യാപൃതനാണ്. 2017-ൽ മെത്രാനായി ഉയർത്തപ്പെട്ടു. തിരുവനന്തപുരം മലങ്കര മേജർ സെമിനാരി യുടെ റെക്ടർ, ജുഡീഷ്യൽ വികാർ, മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായുടെ വൈസ്-ചാൻസിലർ, സഭാകോടതിയുടെ അദ്ധ്യക്ഷൻ, ഗുഡ്ഗാവ് സെന്റ് ജോൺ ക്രിസോസ്റ്റം ഭദ്രാസനത്തിന്റെയും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെയും സിഞ്ചെലൂസ്, സി.ബി.സി.ഐ.യുടെ കോർ-ടീം അംഗം, തുടങ്ങിയ പദവികളിൽ സ്തുത്യർഹമായ സേവനം കാഴ്ചവെച്ചതിനുശേഷമാണ് ഈ പുതിയ ശുശ്രൂഷാ സംവിധാനം ഏറ്റെടുക്കുന്നത്. മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ തുടർ പ്രവർത്തനങ്ങൾക്കും, പ്രേഷിതശുശ്രൂഷകൾക്കും അഭിവന്ദ്യ പിതാവിന്റെ നേതൃപാടവവും പ്രാർത്ഥനാ ജീവിതവും ഏറെ സഹായ കരമാകട്ടെ! എല്ലാ ശുശ്രൂഷകളും ഏറ്റം ഫലദായകമാകാൻ സർവേശ്വരൻ കൃപ ചൊരിയട്ടെയെന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിന്റെയും അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് പിതാവിന്റെയും സഭാശുശ്രൂഷകളെ സഭയുടെപേരിൽ ഏറെ നന്ദിയോടെ ഞാൻ ഓർക്കുന്നു; നല്ല ദൈവത്തിന് കൃതജ്ഞതയർപ്പിക്കുന്നു. അഭിവന്ദ്യ പിതാക്കന്മാരിലൂടെ നമ്മുടെ സഭയ്ക്ക് ലഭ്യമായ എല്ലാ നന്മകളെയും നന്ദിയോടെ ഓർക്കുന്നതിനും പുതിയ ഇടയന്മാർക്ക് പ്രാർത്ഥനാശംസകളും നമ്മുടെ പിൻബലവും അറിയിക്കുന്നതിനുമുള്ള അവസരങ്ങളാണ് ജൂൺ 8, 12 എന്നീ തീയതികൾ എന്ന കാര്യം നിങ്ങളെ ഞാൻ ഏറെ താൽപര്യത്തോടെ അറിയിക്കുന്നു. പത്തനംതിട്ട ഭദ്രാസനത്തിലെ സ്ഥാനാരോഹണ ശുശ്രൂഷ ജൂൺ 8-ാം തീയതി രാവിലെ 8 മണിക്കും മൂവാറ്റുപുഴ ഭദ്രാസനത്തിലെ സ്ഥാനാരോഹണ ശുശ്രൂഷ ജൂൺ 12-ാം തീയതി





രാവിലെ 9 മണിക്കുമായിരിക്കും. ഈ രണ്ട് ശുശ്രൂഷകളിലേക്കും സഭാമക്കളേവരെയും ഞാൻ പ്രത്യേകം ക്ഷണിക്കുന്നു. പ്രാർത്ഥനകൊണ്ടും സാന്നിധ്യംകൊണ്ടും ഈ ചടങ്ങുകളെ പ്രത്യേകം അനുഗ്രഹകരമാക്കണം.

പരിശുദ്ധാത്മ നിറവിനായി ഒരുങ്ങുന്ന പെന്തിക്കൊസ്തിയുടെ ഈ കാലയളവിൽ അതിന്റെ നിറവിനായി ജാഗ്രതയോടെ നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ സഭാശുശ്രൂഷകൾ കൂടുതൽ അനുഗ്രഹപ്രദമാകുവാൻ ഒരുക്കത്തോടെയുള്ള ഒരു കാത്തിരിപ്പുകാലം നമുക്ക് ആവശ്യമാണ്. സെഹിയോൻ മാളികയിൽ പരിശുദ്ധ അമ്മയുടെ മേലും ശ്ലീഹന്മാരുടെമേലും ആവസിച്ച സ്വർഗീയ നൽവരങ്ങൾ സഭയുടെമേലും നമ്മുടെ ശുശ്രൂഷകളുടെമേലും വന്നാവസിക്കുവാൻ നമുക്ക് തീഷ്ണതയോടെ പ്രാർത്ഥിക്കാം.

ആയത് ദൈവമാതാവായ പരി. കന്യകാമറിയത്തിന്റെയും, അപ്പസ്തോല സമൂഹത്തിന്റേയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും, സകല വിശുദ്ധരുടേയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

ദൈവം നിങ്ങളെ ഏവരേയും അനുഗ്രഹിക്കട്ടെ!

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി



**✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ്**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ

മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

# അമലഗിരി വാർത്തകൾ

**ദ്വിതീയ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലി**

2018 ഫെബ്രുവരി 19 മുതൽ 23 വരെ കാതോലിക്കേറ്റ് സെന്ററിൽ കൂടിയ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 22-മത് പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് തീരുമാന പ്രകാരം ദ്വിതീയ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലി 2019 ഒക്ടോബർ മാസം 8,9,10 തീയതികളിൽ കാതോലിക്കേറ്റ് സെന്ററിൽ നടത്തുകയാണ്. "കൃപനിറഞ്ഞ കുടുംബങ്ങൾ" എന്ന താണ് അസംബ്ലിയുടെ പഠനവിഷയം. പഠനത്തിനും ചർച്ചയ്ക്കു മായുള്ള മാർഗ്ഗരേഖ (Lineamenta) 01 മാർച്ച് 2019-ൽ പരിശുദ്ധ ബാവാ തിരുമനസ് പ്രസിദ്ധീകരിച്ചു. സഭാ അസംബ്ലിക്ക് മുന്നൊ രുക്കമായി ഇടവക തലത്തിൽ, വൈദികജില്ലാ തലത്തിൽ, ഭദ്രാ സന തലത്തിൽ "കൃപനിറഞ്ഞ കുടുംബങ്ങൾ" എന്ന മാർഗ്ഗ രേഖ കൂട്ടായി പഠിക്കേണ്ടതുണ്ട്. ഇടവകതലത്തിൽ ബഹു. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ പഠനരേഖ പഠിക്കേണ്ട താണ്. വൈദിക ജില്ലകളിൽ മാർഗ്ഗരേഖ അവതരിപ്പിക്കുന്ന തിനും പ്രാഥമികമായി പഠിക്കുന്നതിനും തീയതികളും സ്ഥല ങ്ങളും നിശ്ചയിച്ചിട്ടുണ്ട്.

പ്രാതിനിധ്യ സ്വഭാവമുള്ള അംഗങ്ങളെയാണ് പ്രാരംഭ ചർച്ചകൾക്ക് ക്ഷണിക്കുന്നത്. വൈദികജില്ലാ അസംബ്ലികളിൽ വിപുലമായ പ്രാതിനിധ്യം ഉണ്ടായിരിക്കും.പഠനത്തിനും ചർച്ച യ്ക്കുമായി മാർഗ്ഗരേഖയുടെ കോപ്പി എല്ലാ കുടുംബത്തിനും ലഭ്യമാക്കിയിട്ടുണ്ട്. ഭദ്രാസനതലത്തിൽ അസംബ്ലിയുടെ ക്രമീ കരണങ്ങൾക്ക് ഏകോപനം നല്കുന്നത് ബഹു. റോഷൻ ജോൺ വടക്കുംതല അച്ചനാണ്. അച്ചനോടൊപ്പം ബഹു. സി. ദീപ എസ്.സി.വി, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. കെ.ഒ. രാജു കടകംപള്ളിൽ എന്നിവർ പ്രവർത്തിക്കുന്നു. മാവേലിക്കര ഭദ്രാസന അസംബ്ലി ജൂലൈ 20-ന് അമലഗിരി അരമനയിൽ





ക്രമീകരിച്ചിരിക്കുന്നു. വൈദിക ജില്ലകളിൽ നടക്കുന്ന വൈദിക ജില്ലാ അസംബ്ലി താഴെ കൊടുത്തിരിക്കുന്ന തീയതികളിൽ ക്രമീകരിച്ചിരിക്കുന്നു. സഭാ അസംബ്ലിയുടെ വിജയത്തിന് പ്രത്യേകം പ്രാർത്ഥിക്കുക.

**ജില്ല അസംബ്ലി**

ജൂൺ 02 - കറ്റാനം
ജൂൺ 09 - കൊല്ലം
ജൂൺ 16 - കടമ്പനാട്
ജൂൺ 23 - ചെങ്ങന്നൂർ
ജൂൺ 30 - പുത്തൂർ
ജൂലൈ 07 - മാവേലിക്കര

**വൈദിക ജില്ലാ അസംബ്ലിയിൽ പങ്കെടുക്കേണ്ട അംഗങ്ങൾ**

1. ജില്ലാ വികാരി
2. ഇടവക വികാരി, സഹവികാരി
3. സന്ന്യാസ വൈദികർ
4. ഇടവകയിൽ ശുശ്രൂഷ ചെയ്യുന്ന സന്ന്യാസിനികൾ
5. ട്രസ്റ്റി, സെക്രട്ടറി
6. ഭദ്രാസന അജപാലന സമിതിയിലേക്ക് തിരിഞ്ഞെടുക്കപ്പെട്ടവർ
7. വിശ്വാസ പരിശീലന പ്രധാന അദ്ധ്യാപകർ
8. എം.സി.എ ഭാരവാഹികൾ
   (ഇടവക, ജില്ല - പ്രസിഡന്റ്, സെക്രട്ടറി)
9. എം.സി.വൈ.എം ഭാരവാഹികൾ
   (ഇടവക, ജില്ല - പ്രസിഡന്റ്, സെക്രട്ടറി)
10. മാതൃവേദി ഭാരവാഹികൾ
    (ഇടവക, ജില്ല - പ്രസിഡന്റ്, സെക്രട്ടറി)

**നിർദ്ദേശങ്ങൾ**

1. ഭദ്രാസനത്തിൽ നിന്നും ലഭിക്കുന്ന ചോദ്യങ്ങളെ മാനദണ്ഡമാക്കി ഇടവകയിൽ നിന്നും കുടുംബത്തെപ്പറ്റി ചർച്ച ചെയ്ത റിപ്പോർട്ട് ഇടവക വികാരിമാർ ജില്ലാ വികാരിയ്ക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാ വികാരി അത് ക്രോഡീകരിച്ച് ജില്ലാ അസംബ്ലിയിൽ അവതരിപ്പിക്കണം.
2. ജില്ലാ അസംബ്ലിയിൽ പങ്കെടുക്കുന്നവർ നിർബന്ധമായും പഠനരേഖ വായിച്ചു പഠിക്കുകയും, ജില്ലാ അസംബ്ലിയിൽ കൊണ്ടു വരികയും ചെയ്യണം.

**ജില്ലാ അസംബ്ലിയുടെ കാര്യപരിപാടി**

| | | |
|---|---|---|
| 1.30 pm | - | രജിസ്ട്രേഷൻ |
| 2.00 pm | - | ഉദ്ഘാടനം |
| 2.30 pm- 3.30 pm | - | സെഷൻ ഒന്ന് |
| 3.30 pm - 4.00 pm | - | സെഷൻ രണ്ട് |
| 4.00 pm- 4.15 pm | - | ചർച്ച |
| 4.15 pm- 4.30 pm | - | റിപ്പോർട്ട് അവതരണം |
| 4.30 pm | - | സമാപന സമ്മേളനം |

ഭദ്രാസന അസംബ്ലി ജൂലൈ 20-ാം തീയതി രാവിലെ 9.00 മുതൽ അമലഗിരി അരമനയിൽ വച്ച് നടത്തപ്പെടുന്നു.



## 2019 ജൂൺ മാസത്തിലെ പ്രാർത്ഥനാ നിയോഗം

വൈദികർ തങ്ങളുടെ വിനയവും സൗമ്യതയുമുള്ള ജീവിതം വഴി ഏറ്റവും അർഹതപ്പെട്ട പാവപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടി, തങ്ങളെ തന്നെ താദാത്മ്യപ്പെടുത്തുവാൻ.





# മാർ ഈവാനിയോസ് മൈനർ സെമിനാരി

**മൈനർ, മേജർ ഓർഡേഴ്സ്**

മാവേലിക്കര ഭദ്രാസനത്തിലെ വൈദിക വിദ്യാർത്ഥികളുടെ മ്ശംശോനാ പട്ടവും ചെറുപട്ടങ്ങളും വൈദിക വസ്ത്ര സ്വീകരണവും മെയ് 18-ാം തീയതി രാവിലെ 9 മണിക്ക് അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ കാർമ്മികത്വത്തിൽ കല്ലുമല മാർ ഈവാനിയോസ് മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെട്ടു. പട്ടം സ്വീകരണത്തിനു ഒരുക്കമായുള്ള ധ്യാനം 2019 മെയ് 12 മുതൽ 17 വരെ മാർ ഈവാനിയോസ് മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെട്ടു.

**വൈദീക വസ്ത്രം, മ്സമ്റോനോ പട്ടം സ്വീകരിച്ചവർ**

ബ്രദർ ഗീവർഗ്ഗീസ് ചരുവിള
ബ്രദർ ക്രിസ്റ്റി ചരുവിള
ബ്രദർ ദാനിയേൽ പുത്തൻപുരയ്ക്കൽ

**കോറൂയോ പട്ടം സ്വീകരിച്ചവർ**

ബ്രദർ ഫിലിപ്പ് ജമ്മത്തുകളത്തിൽ
ബ്രദർ മാത്യു കാമച്ചംപറമ്പിൽ
ബ്രദർ കുര്യൻ വെൺമലൊട്ട്
ബ്രദർ തോമസ് ശങ്കരത്തിൽ

**ഹവ്പ്പ്ദ്യാക്നോ പട്ടം സ്വീകരിച്ചവർ**

ബ്രദർ ജോൺ പുത്തൻപുരയിൽ

ബ്രദർ ജോഷാ തെക്കേടത്ത്

ബ്രദർ മാത്യു വലിയപറമ്പിൽ

**മ്ശംശോനോ പട്ടം സ്വീകരിച്ചവർ**

ഡീക്കൻ തോമസ് നാലുതെങ്ങുങ്കൽ

ഡീക്കൻ നിജോ കൊല്ലന്റെതെക്കേതിൽ

ഡീക്കൻ വർഗ്ഗീസ് കരിമ്പാലിൽ

ഡീക്കൻ തോമസ് പാലവിള

ഡീക്കൻ ജോബിൻ പുളിവിള

ഡീക്കൻ ജോസഫ് തെക്കേവീട്ടിൽ

**ദൈവവിളി ധ്യാനം**

സെമിനാരിയിൽ ചേരുവാൻ പോകുന്ന കുട്ടികൾക്കായുള്ള ധ്യാനം 2019 മെയ് 10,11 ന് സെമിനാരിയിൽ വച്ച് നടത്തപ്പെട്ടു.

**ഇന്റർവ്യൂ**

2019 - 20 അദ്ധ്യയന വർഷത്തിൽ സെമിനാരിയിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർക്കുവേണ്ടി അഭിവന്ദ്യ പിതാവുമായുള്ള ഇന്റർവ്യു മെയ് 18ന് മൈനർ സെമിനാരിയിൽ വച്ചു നടത്തപ്പെട്ടു

**പുതിയ അദ്ധ്യയന വർഷം**

മൈനർ സെമിനാരിയിലെ 2019-20 അദ്ധ്യയന വർഷം 2019 ജൂൺ 9-ാം തീയതി അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്യും.





# പ്രബോധന

**പ്രതീക്ഷ 2019**

ഭദ്രാസനത്തിലെ സൺഡേസ്കൂൾ കുട്ടികളുടെയും പ്രഥമ അദ്ധ്യാപകരുടെയും, അദ്ധ്യാപക സെക്രട്ടറിമാരുടെയും സംഗമം 2019 ജൂൺ 01 ശനിയാഴ്ച പെരിങ്ങനാട് ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. പ്രസ്തുത സംഗമത്തിൽ വച്ച് കുട്ടികൾക്കായി ക്ലാസും ബൈബിൾ രചനാ മത്സരങ്ങൾക്ക് സമ്മാനാർഹരായവർക്ക് സമ്മാനവും 2018-2019 അദ്ധ്യായന വർഷത്തിൽ മൂന്ന് മുതൽ +2 വരെ ക്ലാസ്സുകൾക്ക് ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം കരസ്ഥമാക്കിയവർക്ക് ക്യാഷ് അവാർഡും നൽകി. മീറ്റിംഗിൽ എല്ലാ ഇടവകയിൽ നിന്നും പ്രഥമ അദ്ധ്യാപകർ, അദ്ധ്യാപക സെക്രട്ടറിമാർ തുടങ്ങിയവർ കടന്നു വരികയും 2019-20 വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിക്കുകയും, കഴിഞ്ഞ ഒരു വർഷക്കാലം ഓരോ ജില്ലയിലും നടന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ച് അവലോകനം നടത്തുകയും ചെയ്തു.

**പ്രവേശനോത്സവം 2019**

2019-20 വർഷത്തെ മതബോധന പ്രവേശനോത്സവം ജൂൺ 02 ന് എല്ലാ ഇടവകകളിലും സമുചിതമായി നടത്തപ്പെട്ടു.

**സ്ഥിതിവിവര ഫോം**

സ്ഥിതിവിവര ഫോം ഇനിയും നൽകാത്ത ഇടവകകൾ

പുസ്തകം വാങ്ങാൻ വരുമ്പോഴോ, നൽകിയിരിക്കുന്ന E-Mail അഡ്രസിലേക്കോ നൽകണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ബോധിനി 2019-20**

2019-20 വർഷത്തേക്ക് ഇടവകയ്ക്കാവശ്യമായ ബോധിനിയുടെ എണ്ണവും തുകയും പുസ്തകം വാങ്ങാൻ വരുമ്പോൾ നിർബന്ധമായും നൽകണമെന്ന് ഓർമ്മിപ്പിക്കുന്നു.

**പുസ്തകവിതരണം 2019-20**

**2019 ജൂൺ 15 മുതൽ** ചെങ്ങന്നൂർ, മാവേലിക്കര, കറ്റാനം എന്നി വൈദികജില്ലകൾക്ക് പ്രബോധന കാര്യാലയത്തിൽ നിന്നും രാവിലെ 10 : 30 മുതൽ 4: 00 വരെ ലഭ്യമാണ്.
**2019 ജൂൺ 22**, രാവിലെ 10 മുതൽ 12: 30 വരെ കടമ്പനാട് വൈദിക ജില്ല, കടമ്പനാട് ദേവാലയം, ഉച്ചയ്ക്ക് 2: 30 മുതൽ 7 : 00 വരെ കൊല്ലം വൈദിക ജില്ല പെരുമ്പുഴ ദേവാലയം
**2019 ജൂൺ 23 ഞായർ** 3 : 00 മുതൽ 6 : 00 വരെ പുത്തൂർ വൈദിക ജില്ല മാറനാട് ദേവാലയം

**ഡിഗ്രി ക്ലാസുകൾ**

2019 - വർഷം മുതൽ പ്രബോധന ഡിഗ്രി ക്ലാസുകൾ ആരംഭിച്ചിരിക്കുന്നു. ഡിഗ്രി പാഠ പുസ്തകങ്ങൾ ലഭ്യമാണ്.





# മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് (എം.സി.വൈ.എം)

**ആത്മ 2019**

എം.സി.വൈ.എം മാവേലിക്കര ഭദ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ ഭദ്രാസനത്തിലെ യുവജനങ്ങളുടെ ആത്മീയ ഉന്നമത്തിനും സാമൂഹിക നവോത്ഥാനവും ലക്ഷ്യം വച്ചു സംഘടിപ്പിച്ച ആത്മ - 2019 (ഭദ്രാസന വാർഷിക യുവജനധ്യാനം ) 2019 മെയ് 12 ഞായറാഴ്ച വൈകുന്നേരം 6 മണിയോടെ ആരംഭിച്ചു 15 ബുധനാഴ്ച ഉച്ച വരെ മാവേലിക്കര, പുന്നമൂട് ജീവാരം ആനിമേഷൻ സെന്ററിൽ വച്ചു നടത്തപ്പെട്ടു.

ഉത്ഘാടന സമ്മേളനം ചെങ്ങന്നൂർ വൈദീകജില്ല യുവജനപ്രസ്ഥാനത്തിന്റെ ഡയറക്ടർ ഫാ. ജോർജ്ജ് കോട്ടപ്പുറം നിർവ്വഹിച്ചു. ഭദ്രാസന പ്രസിഡന്റ് ബിബിൻ വൈദ്യൻ അദ്ധ്യക്ഷനായിരുന്നു, ജനറൽ സെക്രട്ടറി സുധിൻ മണ്ണാറോഡ് സ്വാഗതവും ഡയറക്ടർ ഫാ. ഫിലിപ്പ് ഇടയാനവിള ആമുഖപ്രഭാഷണവും നടത്തി. സിബിൻ റോയ്, സാൻ ബേബി, നീതു യോഹന്നാൻ, പ്രീജു പാപ്പച്ചൻ, ആൻസി ജോൺസൺ, ജോബി ജോൺ, ജെറിൻ ജോസ് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. വിവിധ വൈദീക ജില്ലകളിൽ നിന്നുമായി നൂറോളം യുവജനങ്ങൾ പങ്കെടുത്തു. 14 നു മാവേലിക്കര ഭദ്രാസനാധിപൻ അഭി. ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ തിരുമനസ്സ് വിശുദ്ധ കുർബ്ബാന അർപ്പിച്ചു യുവജനസഭയെ അഭിസം

ബോധനചെയ്തു സംസാരിച്ചു. തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന ഡേയ്സ് വിത്ത് ജീസസ് മിനിസ്ട്രിയിലെ ബ്രദർ സോജൻ, ബ്രദർ നന്ദു ജോൺ, ബ്രദർ ആന്റോ ജോസഫ് എന്നിവർ ധ്യാനത്തിന് നേതൃത്വം നൽകി. 15നു ഉച്ചയോടെ ആത്മ 2019 സമാപിച്ചു.

**Pray For Lanka**

എം.സി.വൈ.എം മാവേലിക്കര ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ സമീപ രാജ്യമായ ശ്രീലങ്കയിലെ ഭീകരാക്രമണത്താൽ ജീവൻ നഷ്ടപെട്ടവർക്കും ദുഃഖാർത്തരായ കുടുംബങ്ങൾക്ക് വേണ്ടിയും 12 മെയ് 2019 ഞായറാഴ്ച പ്രത്യേകപ്രാർത്ഥനയും മെഴുകുതിരി പ്രദക്ഷിണവും നടത്തപ്പെടുകയുണ്ടായി. ഭദ്രാസന ഡയറക്ടർ ഫാ. ഫിലിപ്പ് ഇടയാനവിള, കറ്റാനം വൈദീകജില്ല ആനിമേറ്റർ സി. നിസ്സീമ എസ്.ഐ.സി. എന്നിവർ പ്രാർത്ഥനകൾക്കു നേതൃത്വം നൽകി.

**നന്ദി**

എം.സി.വൈ.എം മാവേലിക്കര ഭദ്രാസനത്തിന്റെ ഡയറക്ടർ ആയി കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ യുവജന പ്രസ്ഥാനത്തെ സ്തുത്യർഹമായി നയിച്ച ഫാ. ഫിലിപ്പ് ഇടയാനവിള അച്ചൻ ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ നിന്നും വിരമിച്ചു. അച്ചന്റെ പ്രവർത്തന കാലയളവിൽ ഏറ്റവും മികച്ച രീതിയിൽ പ്രവർത്തിക്കുവാൻ യുവജനസഭയ്ക്ക് സാധിച്ചു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള പദയാത്ര, പ്രളയ-ദുരിതാശ്വാസ പ്രവർത്തനങ്ങൾ, കാരുണ്യഹസ്തം ഇവകൂടാതെ കെ.സി.വൈ.എം സംസ്ഥാന സെനറ്റ്, ബോധിനി വനിതാസംഗമം, സഭാതല സുവർണ്ണ ജൂബിലി സംഗമം എന്നീ ശ്രദ്ധേയമായ പരിപാടികളുടെ ആതിഥേയത്വവും നിർമാണവും അച്ചന്റെ നേത്വത്വത്തിൽ മാവേലിക്കര





ഭദ്രാസനത്തിനു അഭിമാനിക്കാൻ വക നൽകുന്നു. 2019 മെയ് 15 നു മാവേലിക്കര പുന്നമൂട് ജീവാരം ആനിമേഷൻ സെന്ററിൽ വച്ചു നടന്ന ആത്മ ധ്യാനത്തിന്റെ സമാപന വേദിയിൽ മാവേലിക്കര ഭദ്രാസന പ്രസിഡന്റ് ബിബിൻ വൈദ്യൻ ഭദ്രാസന സമിതിയുടെ പ്രത്യേക ഉപഹാരം അച്ചനു നല്കി. ജനറൽ സെക്രട്ടറി സുധിൻ മണ്ണാറോഡ് യുവജന സഭയുടെ നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

**സ്വാഗതം**

ഭദ്രാസന ഡയറക്ടർ ആയി ചുമതലയേറ്റ വർഗ്ഗീസ് മുകളുമ്പുറത്തച്ചനെ ഭദ്രാസന യുവജന ശുശ്രൂഷാനേതൃത്തിലേക്ക് മുൻ ഡയറക്ടർ ഫിലിപ്പ് ഇടയാനവിളയച്ചൻ സ്വാഗതം ചെയ്തു തുടർന്ന്, 2019-20 വർഷത്തെ കർമ്മ പദ്ധതി ജ്യോതിസ്സ്ന്റെ ഉത്ഘാടനവും നിർവ്വഹിച്ചു.

**അറിയിപ്പുകൾ**

| | | |
|---|---|---|
| **ജൂൺ 1** | - | ഭദ്രാസന ക്രിക്കറ്റ് ടൂർണമെന്റ് രാവിലെ 9.00 ന് (ചെറുപുഷ്പ സ്കൂൾ ഗ്രൗണ്ട്, ചുനക്കര) |
| **ജൂൺ 5** | - | ക്ലീൻ പിക് ഗലേറിയ (പരിസ്ഥിതിദിന പരിപാടി) |
| **ജൂൺ 8** | - | അർദ്ധ വാർഷിക - പദയാത്ര സെനറ്റ് |

വിവിധ വൈദിക ജില്ലകളുടെ നേതൃത്വത്തിൽ പദയാത്ര ഒരുക്ക ധ്യാനവും ജൂൺ മാസത്തിൽ ഉണ്ടായിരിക്കുന്നതാണ്.

# കുടുംബ പ്രേഷിത കാര്യാലയം

**ബിബ്ലിയ 2019**

ജൂൺ മാസത്തെ വചനഭാഗം വി.ലൂക്കോസ് എഴുതിയ സുവിശേഷം

**കൊഹനെ മെമ്മോറിയൽ ബൈബിൾ ക്വിസ്**

**1-ാം സ്ഥാനം - പുത്തൂർ വൈദികജില്ല**

റോസമ്മ വർഗ്ഗീസ്, ജെസ്സി റെജി - കൈതക്കോട് ഇടവക

**2 -ാം സ്ഥാനം - മാവേലിക്കര വൈദികജില്ല**

മറിയാമ്മ ഈപ്പൻ, ആനി വർഗ്ഗീസ് - പുന്നമൂട് കത്തീഡ്രൽ ഇടവക

**3-ാം സ്ഥാനം- ചെങ്ങന്നൂർ വൈദികജില്ല**

വത്സകോശി, മേരി മനോജ് - കോടുകുളഞ്ഞി ഇടവക

**നന്ദി**

കുടുംബപ്രേക്ഷിത കാര്യാലയം മാവേലിക്കര ഭദ്രാസന മാതൃവേദിയുടെ **കറ്റാനം വൈദീകജില്ല ഡയറക്ടർ**

- ഫാ. ഗീവർഗ്ഗീസ് കല്ലിട്ടയിൽ

**പുത്തൂർ വൈദിക ജില്ല ഡയറക്ടർ**

- ഫാ. ജോൺ അയണുവേലിൽ

**കൊല്ലം വൈദികജില്ല ഡയറക്ടർ**

- ഫാ. ജോൺ മരുതൂർ

ഇവർ മാതൃവേദിയ്ക്ക് ചെയ്ത എല്ലാ ശുശ്രൂഷകൾക്കും, പ്രോത്സാഹനത്തിനും, കുടുംബപ്രേഷിത കാര്യാലയത്തിന്റെ പേരിലുള്ള നന്ദിയും പ്രാർത്ഥനയും അറിയിക്കുന്നു.





**വിവാഹ ഒരുക്ക സെമിനാർ**

വിവാഹ ഒരുക്ക സെമിനാർ ജൂൺ 7,8,9 തീയതികളിൽ പഴകുളം പാസ്സിൽ വച്ച് നടത്തപ്പെടുന്നു. ഫോൺ. 04734-237262

## ആദരാഞ്ജലികൾ

**ശ്രീ. കെ. ചെറിയാൻ മധുരമല (90)**

ഇരുപ്പാകുഴി സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാ ഇടവകാംഗവും ബഹുമാനപ്പെട്ട സി.നിത്യ എസ്.ഐ.സി (പെരുമ്പുഴ) യുടെ വത്സല പിതാവുമായ ശ്രീ. കെ. ചെറിയാൻ മധുരമല 10 മെയ് 2019 ൽ നിര്യാതനായി. ശവസംസ്കാര ശുശ്രൂഷ 11 മെയ് 2019 ൽ ഇരുപ്പാകുഴി ദൈവാലയത്തിൽ നടന്നു. വന്ദ്യ പിതാവ് ശവസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**ശ്രീ. മാത്യു പണിക്കർ (67)**

പുതിയകാവ് സെന്റ് ജോസഫ് ഇടവകാംഗം മേടയിൽ പണിക്കർ വീട്ടിൽ ശ്രീ. മാത്യു പണിക്കർ 20 മെയ് 2019 ൽ നിര്യാതനായി. ദീർഘകാലം എം.എസ്.സി മാനേജ്മെന്റിൽ അദ്ധ്യാപകനായും, ചേപ്പാട്, കറ്റാനം സ്കൂളുകളുടെ ഹെഡ്മാസ്റ്ററായും, കറ്റനാം ഹയർ സെക്കന്ററി സ്കൂളിന്റെ പ്രിൻസിപ്പാളായും വിശ്വസ്തമായ സേവനം നൽകി. അദ്ധ്യാപക ജീവിതത്തിൽ നിന്ന് വിരമിച്ചതിനു ശേഷം ഭദ്രാസന കറസ്പോണ്ടന്റ് ഓഫീസ് സ്റ്റാഫായി നിസ്തുലമായ ശുശ്രൂഷ നിർവ്വഹിച്ചു. 29 മെയ് 2019 ൽ നടന്ന ശവസംസ്കാര ശുശ്രൂഷയ്ക്ക് വന്ദ്യ പിതാവ് മുഖ്യ കാർമ്മികത്വം നൽകി.

സന്തപ്തരായ കുടുംബാംഗങ്ങൾക്ക് ഭദ്രാസനത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

# സ്മരണീയ ദിനങ്ങൾ

## ജൂൺ

01 - വി. ജസ്റ്റിൻ

05 - വി. ബോനിഫസ്

08 - വാഴ്ത്തപ്പെട്ട മറിയം ത്രേസ്യാ

09 - പെന്തിക്കോസ്തിപ്പെരുനാൾ

11 - മാർ ബർത്തുൽമായി ശ്ലീഹായും, മാർ ബർണബാസും, മലങ്കര സുറിയാനി കത്തോലിക്കാ ഹൈരാർക്കി സ്ഥാപനദിനം, തിരുവനന്തപുരം അതിഭദ്രാസനത്തതിന്റെയും തിരുവല്ല ഭദ്രാസനത്തിന്റെയും സ്ഥാപനം, അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് പിതാവിന്റെ നാമഹേതുക തിരുനാൾ

12 - മാർ യാക്കോബ് ശ്ലീഹാ ആദ്യമായി വി. കുർബാന അർപ്പിച്ചതിന്റെ ഓർമ്മ

13 - പാദുവായിലെ വി. അന്തോണിയോസ്

14 - ഏലിശാ നിബിയാ

15 - വി. ദൈവമാതാവിന്റെ നാമത്തിൽ പ്രഥമ ദൈവാലയം സ്ഥാപിച്ചതിന്റെ ഓർമ്മ

16 - ശ്ലീഹാ നോമ്പാരംഭം

18 - മാർ അപ്രേം മല്പാൻ

19 - മാർ യൂദാ തദ്ദായി ശ്ലീഹാ

21 - വി. അലോഷ്യസ് ഗോൺസാഗ

24 - യോഹന്നാൻ മാംദാനയുടെ ജനനം,
ചേപ്പാട്ട് ഫീലിപ്പോസ് റമ്പാന്റെ ഓർമ്മ

27 - അഭിവന്ദ്യ യാക്കോബ് മാർ തിയോഫിലോസ് പിതാവിന്റെ ഓർമ്മ





28 - തിരുഹൃദയത്തിരുനാൾ (ലത്തീൻക്രമം),മാർ ഐറേനിയോസ്, അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവിന്റെ നാമഹേതുക തിരുനാൾ

29 - മാർ പത്രോസ്, മാർ പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ,
ശ്ലീഹാ നോമ്പുവീടൽ
സെന്റ് മേരീസ് മലങ്കര സെമിനാരി സ്ഥാപനദിനം,
അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിന്റെയും
അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെയും മെത്രാഭിഷേക വാർഷികം,
അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിന്റെ നാമഹേതുക തിരുനാൾ

30 - പന്ത്രണ്ടു ശ്ലീഹന്മാർ

## *Let us Remember, Congratulate and Pray..*

### JUNE

### BIRTHDAY

Fr. George Kottapuram - June 13



# Programme Diary of His Grace

## JUNE

| Date | Venue / Function | Time |
|---|---|---|
| 01 | Kattanam | 06.30AM |
| | Veroor | 10.30 AM |
| | Thirumoolapuram | 02.00 PM |
| 02 | Eramathoor | 07.00 AM |
| | Kidangara | 11.00 AM |
| | Pulikeezh | 12.30 Noon |
| | Kattanam/ Jilla Assembly | 02.00 PM |
| 03 | Jeevaram | 06.30 AM |
| 04-06 | KCBC | |
| 07 | Kozhikodu | |
| 08 | Pathanamthitta | 08.00 AM |
| 09 | Cathedral | 07.00 AM |
| | Kundara/ Jilla Assembly | 02.00 PM |
| 10 | Poozhikkadu | 11.00 AM |
| | Kallumala/ PF General Body meet | 03.00 PM |
| 11 | Moovattupuzha | 06.00 PM |





| | | |
|---|---|---|
| 12 | Moovattupuzha | 08.00 AM |
| | Kayamkulam/ Chethana | 03.00 PM |
| 13 | Trivandrum | 09.00 AM |
| 15 | Pushpagiri | |
| 16 | Kadampanadu | 02.00 PM |
| 17-18 | Vijayapuram/ Regional Bishopsí Meet | |
| 22 | Amalagiri/ Shalom recording | 09.00 AM |
| 23 | Elanjimel/ Jilla Assembly | 02.00 PM |
| 26 | Trivandrum | 11.00 AM |
| 29 | Puthiyacavu | 07.00 AM |
| | Vallikunnam | 09.30 AM |
| | Mynagapally | 05.00 PM |
| 30 | Mynagapally | 08.00 AM |
| | Puthoor/ Jilla Assembly | 02.00 PM |